# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4621 — 26/10/2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്കരണ പദ്ധതി

| | **ഉത്തരം** |
|---|---|
| ശ്രീ. എം. സ്വരാജ് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് സാമൂഹ്യ വന വത്കരണ പദ്ധതിയുടെ ഭാഗമായി നിലവിൽ ഏതെല്ലാം മരങ്ങളാണ് വച്ചുപിടിപ്പിക്കുന്നത് എന്ന് അറിയിക്കുമോ; | എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി പ്രധാനമായും തടി ലഭ്യതയ്ക്കുവേണ്ടി തേക്ക്, ഈട്ടി, കമ്പകം, കരിമരുത്, കുമിഴ്, കുന്നിവാക, മഹാഗണി, മണിമരുത്, പ്ളാവ്, താന്നി, വാക, ആഞ്ഞലി, ഇലുപ്പ, മഞ്ചാടി, സിൽവർഓക്ക് എന്നിവയും ഔഷധയിനങ്ങൾക്കായി ഗന്ധപാല, കാഞ്ഞിരം, ആര്യവേപ്പ്, കറിവേപ്പ്, കരിങ്ങാലി, കൂവളം, കുടംപുളി, ലക്ഷ്മിതാരു, മാതളം, മുള്ളാത്ത, മുരിങ്ങ, നെല്ലി, പുളി, ഞാവൽ, പതിമുഖം, രക്തചന്ദനം, ചന്ദനം, ഉങ്ങ്, വയണ, വേങ്ങ, കുളമാവ് എന്നിവയും ഫലവൃക്ഷങ്ങൾക്കായി ബദാം, കശുമാവ്, ചാമ്പ, പേര, റംപൂട്ടാൻ, സപ്പോട്ട, സീതപ്പഴം, ഉരുമാംപഴം, വുഡ്ആപ്പിൾ എന്നിവയും അലങ്കാരവൃക്ഷങ്ങൾക്കായി അശോകം, ചമത, ജക്രാന്ത, ചെമ്പകം, ഇലഞ്ഞി, ഗുൽമോഹർ, കണിക്കൊന്ന, മഞ്ഞക്കൊന്ന, മന്ദാരം, നീർമരുത്, രാജമല്ലി, ടെക്കോമ, മുള എന്നിവയും തീരദേശ സംരക്ഷത്തിനായി കാറ്റാടി, പൂവരശ്, കണ്ടൽച്ചെടികൾ എന്നിവയും ആണ് വെച്ച്പിടിപ്പിക്കുവാൻ വേണ്ടി സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| ബി) | നിലവിൽ വച്ചുപിടിപ്പിച്ചിട്ടുള്ളതും ഭൂഗർഭ ജലം വളരെയധികം ചൂഷണം ചെയ്യുന്നതുമായ അക്കേഷ്യ, യൂക്കാലി തുടങ്ങിയ തരം മരങ്ങൾ മുറിച്ചു മാറ്റി ജലചൂഷണം നടത്താത്ത മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ ? | സി) | കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (HNL) ന് വേണ്ടി കരാറടിസ്ഥാനത്തിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നീ സോഫ്റ്റ്വുഡ് ഇനത്തിലുള്ള തടികൾ ലഭ്യമാക്കാൻ കേരള സർക്കാരിന് ബാദ്ധ്യതയുണ്ട്. ഈ പ്രതിബദ്ധത, നിറവേറ്റുന്നതിനായി വ്യാവസായി കാവശ്യത്തിന് ഇത്തരം സോഫ്റ്റ് വുഡ് തടികളുടെ ലഭ്യമാക്കൽ തുടരേതുണ്ട്. എങ്കിലും നിലവിലുള്ള അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നീ സോഫ്റ്റ് വുഡ് പ്ലാന്റേഷനുകൾ കാലാനുസൃതമായി വെട്ടിമാറ്റി ചില സ്ഥലങ്ങളിൽ തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനത്തിന്റെ സ്വാഭാവികത നിലനിർത്തുന്നതിലേക്കായി "വനദീപ്തി" എന്നൊരു പദ്ധതിക്ക് കേരള വനംവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ